ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്
തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471-2324951
0471-2325071
Tele FAX : 0471-2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം. ഇ22-101/2013/സിഇ/തസ്വഭവ

തീയതി 02/02/2021

# നോട്ടീസ്

വിഷയം : തസ്വഭവ (LID & EW) - ജീവനക്കാര്യം - ഒന്നാംതരം ഓവർസിയർമാരുടെ മുൻഗണനാപ്പട്ടിക - ക്വാട്ട മാറ്റുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നത് – സംബന്ധിച്ച്

സൂചന : ഈ കാര്യാലയത്തിൽ നിന്നുള്ള 15.12.2020-ലെ ഇതേ നമ്പർ നോട്ടീസ്

ഒന്നാംതരം ഓവർസിയർ തസ്തികയിൽ 01.12.2018 മുതൽ 30.09.2020 വരെ സേവനത്തിൽ പ്രവേശിച്ചവരുടെ കരട് മുൻഗണനാപ്പട്ടിക സൂചന പ്രകാരം ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് ചീഫ് എഞ്ചിനീയറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ടി മുൻഗണനാപ്പട്ടികയിലെ സർട്ടിഫിക്കറ്റ് / ഡിപ്ലോമ ക്വാട്ട സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്.

മൂന്നാംതരം ഓവർസിയർ, രണ്ടാംതരം ഓവർസിയർ എന്നീ തസ്തികകളിൽ സേവനത്തിൽ പ്രവേശിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ യോഗ്യത ITI Draftsman Civil അല്ലെങ്കിൽ അതിന് തുല്യമായ യോഗ്യതകൾ ആണ്. ആയതിനാൽ ടി തസ്തികകളിൽ Diploma / B-Tech തുടങ്ങിയ അധിക യോഗ്യതകളോടുകൂടി സേവനത്തിൽ പ്രവേശിച്ചവരെയും പ്രമോഷൻ ലഭിച്ച് ഒന്നാംതരം ഓവർസിയർ തസ്തികയിൽ പ്രവേശിക്കുമ്പോൾ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ആണ് ഉൾപ്പെടുത്തുന്നത്. എന്നാൽ ടി ജീവനക്കാർക്ക് ആവശ്യമെങ്കിൽ അപേക്ഷ നൽകി ഡിപ്ലോമ ക്വാട്ടയിൽ പ്രവേശിക്കാവുന്നതാണ്. എന്നാൽ ഒന്നാംതരം ഓവർസിയർ തസ്തികയിൽ നേരിട്ട് പ്രവേശനം ലഭിച്ചവർക്ക് സർട്ടിഫിക്കറ്റ് ക്വാട്ടയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. ഒരു ജീവനക്കാരന് ഒരു തവണ മാത്രമേ ക്വാട്ട മാറ്റം അനുവദിക്കുകയുള്ളൂ. മേൽ സാഹചര്യത്തിൽ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ നിന്നും ഡിപ്ലോമ ക്വാട്ടയിലേയ്ക്ക് മാറ്റം ആവശ്യമുള്ള ഒന്നാംതരം ഓവർസിയർമാർ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം മതിയായ രേഖകൾ സഹിതം അപേക്ഷ ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

പകർപ്പ് :

1) ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും (വെബ്സൈറ്റ് മുഖേന)
2) എല്ലാ നിയന്ത്രണാധികാരികൾക്കും (വെബ്സൈറ്റ് മുഖേന) - ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്താൻ നിർദ്ദേശിക്കുന്നു.
3) കരുതൽ ഫയൽ / ഇ3 / ഇ9 സെക്ഷൻ